# ജനങ്ങളെ ബുദ്ധിമുട്ടിച്ച് കുടിയൊഴിഞ്ഞുപോകാൻ പ്രേരിപ്പിക്കുന്നു

**കാർത്തിക് ശശി**

(യൂത്ത് കോൺഗ്രസ് പ്രവർത്തകൻ, ആലപ്പാട്)

**1500ഓളം** കുടുംബങ്ങൾ താമസിച്ചിരുന്ന പ്രദേശമാണ് പൊന്മന. ഇന്ന് ആ പ്രദേശം പോലും കാണാനില്ലാത്തവിധം കടൽ എല്ലാം വിഴുങ്ങിയിരിക്കുന്നു. മത്സ്യത്തൊഴിലാളി കുടുംബങ്ങളായിരുന്നു ഇവിടെയുണ്ടായിരുന്നത്. പരമ്പരാഗത തൊഴിൽ മേഖലകളെല്ലാം അവർക്ക് നഷ്ടമായി. അടച്ചുപൂട്ടിപ്പോയ കുന്നുംതറ എൽ.പി സ്കൂളും പൊന്മന യു.പി സ്കൂളും അത്രയേറെപ്പേർ നാടുവിട്ടുപോയതിന്റെ പ്രതിഫലനങ്ങളാണ്. അഞ്ച് കിലോമീറ്റർ അപ്പുറമുള്ള കടലുകാണാൻ നടന്നുപോയിരുന്ന കഥ പ്രായമുള്ളവർ പറഞ്ഞ് കേട്ടിട്ടുണ്ട്. ഇന്ന് ഒരുവശത്തുള്ള കടലും മറുവശത്തുള്ള കായലും ഒരിടത്ത് തന്നെ നിന്നു കാണാം. അത്രയ്ക്ക് ദയനീയമാണ് ആലപ്പാട് വില്ലേജിന്റെ അവസ്ഥ. ഖനനം മൂലമല്ല കര കടലെടുക്കുന്നതെന്ന വാദമാണ് ഖനനത്തെ അനുകൂലിക്കുന്നവർ പലപ്പോഴും മുന്നോട്ട് വയ്ക്കുന്നത്. അത് തെറ്റാണ്. ആഗോള താപനത്തിന്റെ ഫലമായി കടലാക്രമണം കേരളത്തിന്റെ തീരത്ത് സ്വാഭാവികമായ രീതിയിൽ കൂടി എന്നത് ശരിയാണ്. പക്ഷെ അവിടെയൊന്നും കര പൂർണ്ണമായും കടലിനടിയിലായിട്ടില്ല. കൊല്ലം ജില്ലയിൽതന്നെ ഏറ്റവും കൂടുതൽ കടലാക്രമണമുണ്ടാകുന്നത് ഇരവിപുരം-താന്നി മേഖലയിലാണ്. അവിടെ കര കടലെടുത്ത് പോകുന്ന പ്രശ്നം ഉണ്ടാകുന്നില്ല. ഖനന മേഖലകളിൽ മാത്രമാണ് കര കടലിനടിയിലായിപ്പോകുന്നത്. ഒരുകാലത്ത് കരിമണലിന്റെ വലിയ കുന്നുകൾ തന്നെ

ഇവിടെയുണ്ടായിരുന്നു എന്നതിന്റെ തെളിവാണ് വെള്ളനാതുരുത്ത് എന്ന സ്ഥലനാമത്തിന്റെ ചരിത്രം. വെള്ളനാതുരുത്തിൽ തീരത്തിനോട് ചേർന്ന് വലിയ കരിമണൽ കുന്നുകളുണ്ടായിരുന്നു. കടലിലൂടെ പോയിരുന്ന കപ്പലിൽ നിന്നുള്ള വെളിച്ചം വീഴുമ്പോൾ കരിമണലിന്റെ കുന്നുകൾ വെട്ടിത്തിളങ്ങും. വെളിച്ചമടിക്കുമ്പോൾ കരിമണൽ വെള്ള നിറത്തിലാണ് തിളങ്ങാറുള്ളത്. നാവികർ ഈ കുന്നുകൾ വെള്ള നിറത്തിലുള്ള ആനയാണെന്ന് തെറ്റിധരിച്ചു. അങ്ങനെയാണ് വെള്ളനാതുരുത്ത് എന്ന പേര് വരുന്നത്.

പൊന്മനയിൽ കഴിഞ്ഞവർഷം പൊഴി മുറിഞ്ഞതോടെ ഖനനത്തിനെതിരായി നടക്കുന്ന സമരത്തിന്റെ ജനകീയ പിന്തുണ കൂടിയിട്ടുണ്ട്. വരാനിരിക്കുന്ന ദുരന്തത്തിന്റെ വ്യാപ്തി നാട്ടുകാർക്ക് കുറച്ചുകൂടി വ്യക്തമായിരിക്കുന്നു. ഖജനാവിന് 19500 കോടി രൂപയുടെ വരുമാനമാണ് കഴിഞ്ഞ വർഷം മത്സ്യബന്ധന മേഖല നൽകിയത്. അതിൽ 1000 കോടി രൂപയും ആലപ്പാട് പഞ്ചായത്തിന്റെ സംഭാവനയാണ്. അത്രമാത്രം നേട്ടമുള്ള ഒന്നായിട്ടും മത്സ്യബന്ധന മേഖലയുടെ തകർച്ചയ്ക്ക് കാരണമായേക്കാവുന്ന ഖനനത്തിനെതിരെ സർക്കാർ ഒരു നടപടിയും സ്വീകരിക്കുന്നില്ല. ഖനനവ്യവസായം ഈ നാടിന് ഒന്നും നൽകിയിട്ടില്ല. ലാഭത്തിന്റെ 25 ശതമാനം ഖനന മേഖലയിലെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി ചിലവഴിക്കണമെന്ന് മൈനിംഗ് ആക്ട് തന്നെ വ്യക്തമാക്കുന്നുണ്ട്. എന്നിട്ടും ഇവിടെ ഒരു വികസന പ്രവർത്തനവും നടന്നിട്ടില്ല. ഐ.ആർ.ഇയുടെ ഖനനത്തിനെതിരെ പഞ്ചായത്ത് പ്രമേയം പാസാക്കിയെങ്കിലും നടപടി സ്വീകരിക്കാനുള്ള കരുത്ത് പ്രമേയത്തിനില്ല. പല ലൂപ്പ്ഹോളുകളും അതിനുണ്ട്. പഞ്ചായത്ത് പറയുന്ന ആവശ്യങ്ങൾ പരിഗണിക്കാതെ ഖനനം നടത്താൻ പാടില്ല എന്ന് വ്യക്തമായി അതിൽ പറയുന്നില്ല. നിയമം അനുവദിക്കുന്നതിനേക്കാൾ ആഴത്തിലാണ് തീരത്ത് ഖനനം നടക്കുന്നത്. ഈ പരസ്യ നിയമലംഘനം തടയുന്നതിന് പോലും പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. കുടിവെള്ള സ്രോതസ്സുകൾ നഷ്ടമായ വെള്ളനാതുരുത്ത്, പണ്ടാരത്തുരുത്ത് കോളനികളെ ജനങ്ങൾക്ക് സൗജന്യമായി ശുദ്ധജലം നൽകണമെന്ന് പഞ്ചായത്ത് കമ്പനിയോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ അവർ അതും നടപ്പിലാക്കിയിട്ടില്ല. ജനങ്ങളെ പരമാവധി ബുദ്ധിമുട്ടിച്ച് ഇവിടെ നിന്നും കുടിയൊഴിഞ്ഞ് പോകുന്നതിന് പ്രേരിപ്പിക്കുകയാണ് ഐ.ആർ.ഇ ചെയ്യുന്നത്. അതോടെ ആ ഭൂമിയും അവർക്ക് ഖനനത്തിനായി ലഭിക്കുമല്ലോ. ■